(ഡി) മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ക്വാളിറ്റി കൺട്രോൾ നടപ്പിലാക്കുമോ;

(ഇ) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) ബാധകമല്ല.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ താഴെപ്പറയുന്ന അക്രഡിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. എൻ.എ.ബി.എച്ച്. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ-പ്രൊവൈഡേഴ്സ്)

2. കെ.എ.എസ്.എച്ച്. (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്)

3. നാഷണൽ സ്റ്റാൻഡേർഡ് (ദേശീയ നിലവാര സർട്ടിഫിക്കേഷൻ)

4. Q.C.I. (Essential Standard Certification)

ആശുപത്രികളുടെ അക്രഡിറ്റേഷൻ നടപ്പാക്കുമ്പോൾ ആശുപത്രികളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ലബോറട്ടറികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കെ.എ.എസ്.എച്ച്. നാഷണൽ അക്രഡിറ്റേഷൻ കൂടുതൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ നടപ്പാക്കുന്നുണ്ട്.

(ഇ) ബാധകമല്ല.

**ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

9(4292) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ ജില്ലാടിസ്ഥാനത്തിലും അതിന് താഴെയുമുള്ള ഓഫീസുകളുടെയും പ്രവർത്തനരീതിയും ഘടനയും ഉദ്യോഗസ്ഥ വിന്യാസവും ഏതു തരത്തിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണ വിപണന-വിതരണ മേഖലകളിലെ അസംസ്കൃത വസ്തുക്കളുടെയും ഉല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ ഉറപ്പു വരുത്തുവാനും കഴിയുന്നതരത്തിൽ ഉദ്യോഗസ്ഥ വിന്യാസം സാധ്യമാകുന്നുണ്ടോ; ഇതു സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥന്മാരെ കൃത്യനിർവ്വഹണത്തിൽ സഹായിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന വിപുലീകരണ പദ്ധതി നിർദ്ദേശങ്ങളടങ്ങിയ ഫയലിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ഡി) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഇതര സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുമ്പോൾ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും ശുചിത്വവും വിലയിരുത്തുന്നതോടൊപ്പം ഭക്ഷണ നിർമ്മാണ സ്ഥാപനങ്ങളുടെ പൊതുശുചിത്വം, പരിസരശുചിത്വം എന്നിവകൂടി വിലയിരുത്തപ്പെടേണ്ടതുണ്ട് എന്നുള്ളതിനാൽ ഹെൽത്ത് ഇൻസ്പെക്ടർ/സാനിറ്ററി ഇൻസ്പെക്ടർമാരുടെ സേവനം കൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം രാജ്യത്തുടനീളം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റ് രൂപീകരിച്ചിട്ടുള്ളതും നിലവിലുണ്ടായിരുന്ന ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകൾ, സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ഓഫീസുകൾ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലബോറട്ടറികളും ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട വഴിപാട് സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പത്തനംതിട്ടയിൽ സ്ഥാപിച്ചിട്ടുള്ള ജില്ലാ ലാബും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറെ കൂടാതെ 2 ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ, ഒരു ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ.) തസ്തികകളും നിലവിലുണ്ട്. കൂടാതെ ആരോഗ്യവകുപ്പിൽ നിന്നുള്ള നാല് ക്ലാർക്കുമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും അനലറ്റിക്കൽ ലബോറട്ടറിയിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ ടെക്നിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് ആയി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും നിയോഗിച്ചിട്ടുണ്ട്. 14 ജില്ലകളിലായി പ്രവർത്തിച്ചിരുന്ന ജില്ലാ ഫുഡ് ഇൻസ്പെക്ടർ തസ്തികയേയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡുകളെയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി എന്ന് പുനർനാമകരണം നടത്തി പ്രവർത്തിച്ചുവരികയാണ്. ആയതിൽ ജില്ലാ ഓഫീസുകളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ ഒരു തസ്തികയും ഒരു ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും നിലവിലുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലിജൻസ്) ഓഫീസുകളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലിജൻസ്) എന്ന ഒരു തസ്തികയും രണ്ട് ഫുഡ് സേഫ്റ്റി ഓഫീസറുടെ തസ്തികകളും, ഒരു ക്ലാർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളുമാണ് നിലവിലുള്ളത്. കൂടാതെ പുതിയതായി രൂപീകരിക്കപ്പെട്ടതുൾപ്പെടെ 140 ഫുഡ് സേഫ്റ്റി ഓഫീസുകളും നിലവിലുണ്ട്. മുമ്പ് നിലവിലുണ്ടായിരുന്ന 60 ഫുഡ് സേഫ്റ്റി ഓഫീസുകളിൽ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലാർക്ക്, ഒരു ഓഫീസ് അസിസ്റ്റന്റ് എന്നീ ക്രമത്തിലാണ് തസ്തികകൾ ഉണ്ടായിരുന്നത്. എന്നാൽ പുതിയതായി രൂപീകരിക്കപ്പെട്ട 80 ഫുഡ് സേഫ്റ്റി ഓഫീസുകളിൽ ഓരോ ഫുഡ് സേഫ്റ്റി ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ടി ഓഫീസുകളിലേക്ക് ഒരു ക്ലാർക്കിന്റെയും ഒരു ഓഫീസ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലബോറട്ടറികളിലും ഗവൺമെന്റ് അനലിസ്റ്റ്, ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്, റിസർച്ച് ഓഫീസർ, ജൂനിയർ റിസർച്ച് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/II എന്നീ തസ്തികകളും ജൂനിയർ ലാബ് അസിസ്റ്റന്റ്, പാക്കർ എന്നീ തസ്തികകളും, ഓഫീസ് പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം അനലറ്റിക്കൽ ലബോറട്ടറിയിൽ ഒരു ജൂനിയർ സൂപ്രണ്ട്, 6 ക്ലാർക്ക്, 2 ടൈപ്പിസ്റ്റ്, 2 ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഒരു ഹെഡ് ക്ലാർക്ക്, 4 ക്ലാർക്ക് , 2 ടൈപ്പിസ്റ്റ് , 2 ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളും നിലവിലുണ്ട്.

(ബി-ഡി) ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ നിയമപരമായ ചുമതലകളും യോഗ്യതകളും, ഉത്തരവാദിത്വങ്ങളും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. ടി യോഗ്യതകൾ ഉള്ളവരെ മാത്രമേ ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നിയമിക്കുവാൻ നിലവിൽ സാധിക്കുകയുള്ളൂ

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഉദ്യോഗസ്ഥ വിന്യാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വിശദമായ പഠനം നടത്തിവരികയാണ്.

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പൂവർ ചികിത്സാധനസഹായ പദ്ധതി

10 (4293) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-കുടുംബക്ഷേമവകുപ്പിന്റെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പൂവർ' ചികിത്സാധനസഹായ പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ-സർക്കാർ ആശുപത്രികളെ പ്രസ്തുത ധനസഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞിട്ടുള്ള ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള രോഗികൾക്ക് പ്രസ്തുത പദ്ധതിയിൽനിന്ന് നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ, പദ്ധതിച്ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വാർഷികവരുമാനം മൂന്നു ലക്ഷം രൂപവരെയുള്ള കാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു രോഗികൾക്കും ആരോഗ്യവകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭിക്കാൻ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽനിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിന് സമീപം, തിരുവനന്തപുരം - 695 035 എന്ന മേൽവിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽനിന്നും ചികിത്സ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതും പ്രസ്തുത വിവരം കത്തുമുഖാന്തിരം രോഗിയെ അറിയിക്കുന്നതും രോഗിയിൽനിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായത്തുകയുടെ ചെക്ക് രോഗിക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly